# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 05/24 (218th) Meeting of the Syndicate held on 06.07.2024 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി
   വൈസ് ചാൻസലർ, അദ്ധ്യക്ഷ - ഒപ്പ്
2. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
9. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
12. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. സുനിത ഗോപാലകൃഷ്ണൻ (പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സംസ്കൃത പണ്ഡിതനും അദ്ധ്യാപകനും എഴുത്തുകാരനും ആയിരുന്ന പ്രൊഫ. കെ.പി. ബാബുദാസിന്റെ നിര്യാണത്തിലും കുവൈറ്റിലുണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ടവരുടേയും, രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടേയും നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

14.05.2024-ാം തീയതിയിലെ 217-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേർണിംഗിന്റെ (SCOL) ആഭിമുഖ്യത്തിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി സഹകരിച്ച് നടത്തുന്ന സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് - ആയുർവേദ കോഴ്സ്, ബേസിക് സാൻസ്ക്രിറ്റ് ഇൻ മലയാളം എന്നീ കോഴ്സുകളുടെ ഔപചാരികമായ ഉദ്ഘാടനം 15.05.2024 ന് ന്യൂഡൽഹിയിലെ കൺസോർഷ്യം ഫോർ എഡ്യൂക്കേഷണൽ കമ്മ്യൂണിക്കേഷന്റെ ഡയറക്ടറായ പ്രൊഫസർ ജഗത്ഭൂഷൺ നദ്ദ നിർവഹിച്ചു.
2. 2024-25 അധ്യയന വർഷത്തെ ക്ലാസുകൾ 03.06.2024 ന് ആരംഭിച്ചു.
3. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ 2024 ജൂൺ 6 ന് പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു .
4. 2024 മെയ്, ജൂൺ മാസങ്ങളിൽ വിരമിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീ .വിദ്യാധരൻ ആർ, പി എസ് ടു വിസി ശ്രീ. ജെയിംസ് എസ് ജെ എന്നിവർക്ക് സർവകലാശാല ഉചിതമായ യാത്രയയപ്പ് നൽകി.

5. 2024 ജൂൺ 11 ,12 ,13 തീയതികളിൽ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം " കെഫിയ " മുഖ്യ കേന്ദ്രത്തിൽ വച്ച് നടന്നു .
6. എം.എഫ് .എ വിദ്യാർത്ഥികളുടെ ഡിഗ്രി ഷോ "ഔറോറ" 2024 ജൂൺ 11 ,12,13 തീയതികളിൽ മുഖ്യ കേന്ദ്രത്തിൽ വച്ച് നടന്നു.
7. 2024 ലോകവയോജന ചൂഷണവിരുദ്ധദിനം 15.06.2024 ന് സർവ്വകലാശാലയിൽ ആചരിച്ചു.
8. സർവ്വകലാശാലയിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ 19.06.2024 ന് ആരംഭിച്ചു.
9. ഹിസ്റ്ററി വകുപ്പിന്റെ ആഭിമുഖ്യത്തിൽ History Research Series എന്ന പേരിൽ Source materials പ്രസിദ്ധീകരിക്കുന്നതിന് സർവകലാശാലയും കെ.സി.എച്ച്.ആർ ഉം തമ്മിൽ ഒരു ധാരണാപത്രം 20.06.2024 ന് ഒപ്പു വച്ചു.
10. ബഹു. ചാൻസലർ നോമിനേറ്റ് ചെയ്ത 5 അക്കാദമിക് കൗൺസിൽ അംഗങ്ങൾ ഉൾപ്പടെ അക്കാദമിക് കൗൺസിൽ 15.05.2024 തീയതിയിൽ പുന:സംഘടിപ്പിക്കപ്പെട്ടു. തുടർന്ന് 59-ാം അക്കാദമിക് കൗൺസിൽ യോഗം 25.06.2024 ന് കൂടുകയും ചെയ്തു.
11. മുഖ്യ കേന്ദ്രത്തിലെയും, പ്രാദേശിക കേന്ദ്രങ്ങളിലെയും നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്ന വകുപ്പുകളിൽ ഉൾപ്പെട്ട സ്ഥിര അധ്യാപകർക്ക് FYUGP യുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഐ.ക്യു.എ.സിയുടെ നേതൃത്വത്തിൽ 2024 ജൂൺ 26 ന് മുഖ്യ കേന്ദ്രത്തിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. വൈസ് ചാൻസലർ ശില്പശാല ഉദ്ഘാടനം ചെയ്തു.
12. നാല് വർഷ ബിരുദ പ്രോഗ്രാമുകൾ 2024 ജൂലൈ 1 ന് ആരംഭിച്ചു. അതിനോടനുബന്ധിച്ച് നാല് വർഷ ബിരുദ പ്രോഗ്രാമുകളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കുമുള്ള ബോധവത്കരണ ക്ളാസും, സംസ്ഥാനതല ഉദ്ഘാടന പരിപാടികളുടെ ഓൺലൈൻ പ്രദർശനവും നടന്നു. സർവകലാശാലാതല ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

13. 2024 ലെ ശ്രീ ശങ്കരജയന്തി ആഘോഷങ്ങൾ ജൂലൈ 9, 10 തീയ്യതികളിലായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളകലാമണ്ഡലം വൈസ് ചാൻസലർ പ്രൊഫ. ബി. അനന്തകൃഷ്ണൻ ആണ് ശ്രീ ശങ്കര വാർഷിക പ്രഭാഷണം നടത്തുന്നതെന്ന് അറിയിക്കുന്നു.
14. സർവകലാശാല അംഗീകരിച്ച എസ്.സി/എസ്.റ്റി സെല്ലിന്റെ റൂൾസും റെഗുലേഷനും 05.07.2024 ന് വൈസ് ചാൻസലർ പ്രകാശനം ചെയ്തു.
15. സർവകലാശാലയിലെ ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ കീഴിൽ ലക്ചർ സീരീസുകളും ശ്രീ ശങ്കര ജയന്തി വാർഷിക പ്രഭാഷണവും സ്റ്റഡി സർക്കിളിന്റെ പരിപാടികളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No. 2**

ആയുർവേദ പഞ്ച കർമ്മ & ഇന്റർനാഷണൽ സ്പാ തെറാപ്പി പഠിക്കുന്ന പി.ജി. ഡിപ്ലോമ വിദ്യാർത്ഥികൾക്കും വോട്ടവകാശവും യുവജനോത്സവത്തിൽ പങ്കെടുക്കുന്നതിന് അനുമതിയും നൽകണമെന്ന നിവേദനം സംബന്ധിച്ച്. (No. 01313/SSC2/SSUS/2024(1))

പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുന്നതിന് സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 3**

Report of the drug abuse in the Campus-Students' Counselling Cell- ഗൈഡ് ലൈൻ രൂപീകരിക്കുന്നത് സംബന്ധിച്ച്. (No. 03811/SSC1/ SSUS/2023(1))

28.06.2024 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സംസ്കൃത സർവകലാശാലയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഗൈഡ്‌ലൈൻസ് രൂപീകരിക്കുന്നതിനായി ഡി.എസ്.എസ്., സ്റ്റുഡന്റ് കൗൺസിലർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ, എൻ.സി.സി പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 4

ഗണകരുടെ പാരമ്പര്യ കലകൾ സർവകലാശാല മത്സര ഇനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്. (No. 01917/ACDB2/SSUS/2023(1))

28.06.2024 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, മറ്റു സർവകലാശാലകൾ ഗണകരുടെ പാരമ്പര്യ കലകൾ സർവകലാശാലകളുടെ മത്സര ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, സംസ്കൃത സർവകലാശാല യുവജനോത്സവത്തിലെ മത്സര ഇനത്തിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തുന്ന വിഷയം തത്ക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## Item No. 5

യു ജി പ്രോഗ്രാമുകൾക്ക് 2024 പ്രവേശനം മുതൽ പരിഷ്കരിച്ച പുതിയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്. (No.02289/SOACDC/SSUS/2023(1))

പുതിയ സർട്ടിഫിക്കറ്റിന്റെ മാതൃകയിൽ കാലടി കേരള എന്നത് സംസ്കൃതത്തിലും രേഖപ്പെടുത്താനും സ്ക്രിപ്റ്റ് പരിശോധിച്ച് അംഗീകരിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 6**

തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമിയുമായി കരാർ ഒപ്പിടുന്നത് സംബന്ധിച്ച്. (No. 00578/ACDA2/SSUS/2022(1))

തൃശ്ശൂരിലെ കേരള സാഹിത്യ അക്കാദമിയെ ഗവേഷണ കേന്ദ്രമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കേരള സാഹിത്യ അക്കാദമിയുമായുള്ള അക്കാദമിക് സഹകരണത്തിന് ധാരണയിൽ ഏർപ്പെടുന്നതിന് മലയാള വിഭാഗത്തെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 7**

തിരുവനന്തപുരം പ്രാദേശികകേന്ദ്രം (2021 പ്രവേശനം) എം.എ. സംസ്കൃതം സാഹിത്യം വിദ്യാർത്ഥിനി ആവണി അജയൻ (21TV03SA03) -ന് കേന്ദ്രമാറ്റത്തോട് കൂടി പുന:പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്. (No. 01472/ACDB2/SSUS/2024(1))

26.06.2024 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് തിരുവനന്തപുരം പ്രാദേശികകേന്ദ്രം (2021 പ്രവേശനം) എം.എ. സംസ്കൃതം സാഹിത്യം വിദ്യാർത്ഥിനി ആവണി അജയൻ (21TV03SA03) -ന് കാലടി മുഖ്യ കേന്ദ്രത്തിലേക്ക് കേന്ദ്രമാറ്റം അനുവദിക്കാനും, 2023 ബാച്ച് വിദ്യാർത്ഥികളുടെ നാലാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം അനുവദിക്കാനും തീരുമാനിച്ചു.

**Item No. 8**

ഹൈന്ദവ ധർമ്മ സുധാകരം - നിലവിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് സമയക്രമം പുതുക്കുന്നതിനും തുക മുൻകൂറായി അനുവദിക്കുന്നതിനുമായിട്ടുള്ള പ്രസാധകരായ M/s Ethos Books & Publications - ൽ നിന്നുള്ള അഭ്യർത്ഥന - സംബന്ധിച്ച്. (No. LGLS/4956/2009/SSUS)

28.06.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് M/s Ethos Books & Publications -ന്റെ മാനേജിംഗ് പാർട്ണേഴ്സുമായി തുടർ വോള്യങ്ങളുടെ പ്രിന്റിംഗും കൈമാറ്റവും സംബന്ധിച്ച് അവർ ഉന്നയിക്കുന്ന വ്യവസ്ഥകൾ ചർച്ച ചെയ്ത ശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. ചർച്ച് നടത്തുന്നതിന് ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 9**

ഐ.സി.സി യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ നിഷേധിച്ചുകൊണ്ട് കൊയിലാണ്ടി പ്രാദേശിക കേന്ദ്രം മലയാളം വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. എ.എസ്. പ്രതീഷിനെതിരായുള്ള അന്വേഷണ റിപ്പോർട്ടിൽ സമർപ്പിച്ച മറുപടി പരിശോധിച്ച് അച്ചടക്ക നടപടി പൂർത്തീകരിക്കുന്നത് സംബന്ധിച്ച്. (No. 00057/ADA3/SSUS/2022(1))

സർവകലാശാല മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എ.എസ്. പ്രതീഷിനെതിരായ പരാതിയെ തുടർന്നുള്ള അച്ചടക്ക നടപടിയുടെ ഭാഗമായ അന്വേഷണം പൂർത്തീകരിച്ച് ഡോ. എ.എസ്. പ്രതീഷ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ഐ.സി.സി യുടെ 29.11.2023 തീയതിയിലെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് നൽകി മറുപടിയ്ക്കായി അവസരം നൽകിയിട്ടുള്ളതാണ്. അതുപ്രകാരം ഡോ. എ.എസ്.പ്രതീഷ് സമർപ്പിച്ച 02.02.2024 തീയതിയിലെ മറുപടിയിൽ, റിപ്പോർട്ട് നിയമാനുസൃതമല്ലെന്നും റിപ്പോർട്ടിലെ കണ്ടെത്തലുകൾ അപകീർത്തികരമെന്നും പരാതി സംഗതികൾ ഗൂഢാലോചനയുടെ ഭാഗമെന്നും അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തള്ളി നിരപരാധിത്വം അംഗീകരിക്കണമെന്നും സമർപ്പിച്ചിട്ടുണ്ട്.

ഡോ. എ.എസ്. പ്രതീഷ് അച്ചടക്ക വിരുദ്ധമായി പ്രവർത്തിച്ചതായി അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തെളിവുകളാലും കണ്ടെത്തലുകളാലും

ബോധ്യപ്പെടുന്നതാണ്. അതിനാൽ ഡോ. എ. എസ്. പ്രതീഷ് സമർപ്പിച്ച 02.02.2024 തീയതിയിലെ റിപ്പോർട്ടിനെതിരായുള്ള മറുപടിയിലെ കാര്യങ്ങളൊന്നും തന്നെ പ്രസ്തുത കണ്ടെത്തലുകളേയും തെളിവുകളേയും നിരാകരിക്കുന്നതിന് ഉതകുന്നില്ല.

ഈ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കുറ്റാരോപണ പ്രകാരം പരാതിക്കാരിയായ സർവകലാശാല വിദ്യാർത്ഥിനിയെ bad touch ആയി ഡോ. എ.എസ്. പ്രതീഷ് സ്പർശിച്ച നടപടി കുറ്റകരവും ശിക്ഷാർഹവുമാണ്. വിദ്യാർത്ഥികളെ അരോചകമായി നോക്കുന്നുവെന്നതും അധ്യാപന സമയത്ത് അശ്ലീല ചുവ ഉപയോഗിക്കുന്നു എന്നതും കുറ്റകരമാണ്. അച്ചടക്ക വിരുദ്ധമായ ഈ നടപടികൾ സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ അധ്യായം 3 സ്റ്റാറ്റ്യൂട്ട് 18, Rules and Regulation of ICC യിലെ Clause 2.1 എന്നിവ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. അതിനാൽ ഡോ. എ.എസ്. പ്രതീഷിന് താഴെ പറയുന്ന ശിക്ഷാ നടപടികൾ ബാധകമാക്കുന്നതിന് തീരുമാനിച്ചു.

1. ഒരു വർഷത്തെ ഇൻക്രിമെന്റ് തടഞ്ഞു വയ്ക്കുക.
2. റിസർച്ച് ഗൈഡ്ഷിപ്പിൽ നിന്നും മൂന്ന് വർഷത്തേക്കു മാറ്റി നിർത്തുക.
3. ഡോ. എ.എസ് പ്രതീഷിന്റെ സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ സസ്പെൻഷൻ കാലയളവ് ശമ്പള കുടിശ്ശിഖ, ഇൻക്രിമെന്റ്, പെൻഷൻ, ലീവ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല.

ഇക്കാര്യങ്ങളിൽ അന്വേഷണ നടപടിയുടെ ഭാഗമായി ടിയാനെ തിരുവനന്തപുരം സെന്ററിൽ നിന്നും കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലേക്ക് ട്രാൻസ്ഫർ നടപടി കൈക്കൊണ്ടിട്ടുള്ളതാണ്. മേൽ വിവരിച്ചത് പ്രകാരം ശിക്ഷാ നടപടികൾ കൈക്കൊണ്ട് അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചു.

**Item No. 10**

ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. ബിജു എം.പി-യുടെ പങ്കാളി ശ്രീമതി. മിനി എം.ടി-യുടെ ആശ്രിത നിയമന അപേക്ഷ – സംബന്ധിച്ച്. (No. Ad.B/13746/SSUS/2011)

28.06.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

- അതതു തസ്തികകളുടെ 5% കണക്കാക്കിയാണ് ആശ്രിതനിയമനത്തിന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്കിലും അപ്രകാരം കണക്കാക്കുമ്പോൾ ആശ്രിത നിയമനത്തിനുള്ള സാധ്യത വളരെ കുറയുമെന്നതിനാൽ സർവകലാശാലയുടെ സ്വയംഭരണാവകാശം പ്രയോജനപ്പെടുത്തി സർവകലാശാലയിൽ അദ്ധ്യാപക തസ്തികകളുടെ എണ്ണം കൂടി കണക്കാക്കി ആകെ ഒഴിവുകൾ നിശ്ചയിക്കുക.
- ഓരോ വർഷവും അപേക്ഷകർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ അങ്ങനെയുള്ള വർഷങ്ങളിൽ അതുവരെയുള്ള തസ്തികകളുടെ ആകെ ഒഴിവുകൾ കണക്കാക്കി 5% ആശ്രിതനിയമനത്തിനായി മാറ്റിവയ്ക്കുക.

നിലവിൽ ആകെയുള്ള 15 ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ ഒഴിവുകളിൽ 1 എണ്ണം ആശ്രിത നിയമനത്തിനു മാറ്റി വച്ചിട്ടുള്ളതും സർക്കാരിൽ നിന്നും 29.04.24 തീയതിയിലെ F1/73/2024/ഉ.വി.വ കത്തിലെ വ്യവസ്ഥ പ്രയോജനപ്പെടുത്തിയും മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചതു പോലെ ആകെ ഒഴിവുള്ള തസ്തികകൾ കണക്കാക്കുമ്പോൾ (അധ്യാപകരുടേതടക്കം) ആശ്രിത നിയമനത്തിന് ഒരു ഒഴിവ് മാറ്റി വയ്ക്കാനാകുമെന്നതും പരിഗണിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിച്ചിട്ടിരിക്കുന്ന ഒഴിവിലേക്ക് ശ്രീമതി. മിനി എം. ടി. യെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**Item No. 11**
ഡോ. മുഹമ്മദ് സഗീർ ടി.കെ. യുടെ പെൻഷൻ ആനുകൂല്യങ്ങൾ - ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പലിശ അനുവദിക്കേണ്ടി വന്നത് സംബന്ധിച്ച്. (No. Ad.D/10238/SSUS/2020)

ഡോ. മുഹമ്മദ് സഗീർ ടി.കെ.യുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് പലിശ നൽകേണ്ടി വന്നതിലുണ്ടായ വീഴ്ച്ച അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No.12**
വൈസ് ചാൻസലർ നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്കുള്ള സിൻഡിക്കേറ്റ് നോമിനിയെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്. (No. 01767/ADB2/SSUS/2024)

തൽക്കാലം നാമനിർദ്ദേശം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No.13**
സർവകലാശാലയിലെ രജിസ്ട്രാർ നിയമനം - സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച്. (No. Ad.D/9960/SSUS/2023)

അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ, പ്രൊഫ. ഡി. സലീംകുമാർ എന്നിവരെ സിൻഡിക്കേറ്റ് പ്രതിനിധികളായും, ഡോ. എം.കെ ജയരാജ്, പ്രൊഫസർ (റിട്ട.), ഫിസിക്സ് വിഭാഗം, കുസാറ്റ്-നെ വിഷയവിദഗ്ദനായും ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

**Item No.14**
തുറവൂർ പ്രാദേശിക കേന്ദ്രത്തിന്റെ ഭാവിയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച തുടർ തീരുമാനങ്ങൾ നിർദ്ദേശിക്കുന്നത് സംബന്ധിച്ച (No. 01875/ADB1/SSUS/2024(2))

സ്റ്റോക്ക് കാലടിയിലേക്ക് ഷിഫ്റ്റ് ചെയ്ത് ഈ മാസം തന്നെ സെന്റർ പ്രവർത്തനം നിർത്താൻ തീരുമാനിച്ചു.

## Item No.15

ശ്രീ. ഷാരോൺ കെ മീരാൻ, അസിസ്റ്റന്റ് തസ്തികയിലെ ആശ്രിത നിയമനം ക്രമപ്രകാരമല്ലാത്തതിനാൽ സർവകലാശാല സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്. (No. Ad.B/10496/SSUS/2013(SF) )

ശ്രീ. ഷാരോൺ കെ മീരാൻ സിൻഡിക്കേറ്റ് മുമ്പാകെ ഹാജരാകുകയും തന്റെ വാദങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷാരോൺ കെ മീരാൻ സമർപ്പിച്ച മറുപടി വിശദമായി പരിശോധിക്കുന്നതിന് സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No.16

റഫറൻസ് ഓഫീസർ ഹയർഗ്രേഡ് തസ്തിക തസ്തിക സൃഷ്ടിക്കൽ - സർക്കാർ തീരുമാനം സിൻഡിക്കേറ്റിന്റെ അറിവിലേക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00936/ADC1/ SSUS/2023(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No.17

19.03.2024 ലെ 213-ാമത് സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നം. 17 ൽ ഭേദഗതി വരുത്തി ഉത്തരവിറക്കിയത് അറിയിക്കുന്നത് സംബന്ധിച്ച്. (No. 5638/SWC/SSUS/2012)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No.18

14.05.2024 തീയതിയിൽ നടന്ന 217 (04/24)- ാമത് സിൻഡിക്കേറ്റ് യോഗനടപടിച്ചുരുക്കം മെയിൻ അജൻഡ ഐറ്റം നമ്പർ 26 ലെ തീരുമാനത്തിൽ

അദാലത്ത് ശിപാർശ പ്രകാരം കോഴ്സ് വർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്ത മറ്റു ഫുൾ ടൈം/പാർട്ട് ടൈം ഗവേഷകർക്ക് ടി പ്രത്യേക ബാച്ചിൽ ചേർന്ന് കോഴ്സ് വർക്ക് പൂർത്തീകരിക്കുന്നതിന് അവസരം നൽകണമോ എന്നത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച്. (No. 00171/ACDA3/SSUS/2024(1))

14.05.2024 തീയതിയിൽ നടന്ന 217 (04/24)- ാമത് സിൻഡിക്കേറ്റ് യോഗനടപടിച്ചുരുക്കം മെയിൻ അജൻഡ ഐറ്റം നമ്പർ 26 ലെ തീരുമാനത്തിൽ അദാലത്ത് ശിപാർശ പ്രകാരം കോഴ്സ് വർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്ത മറ്റു ഫുൾ ടൈം/പാർട്ട് ടൈം ഗവേഷകർക്ക് ടി പ്രത്യേക ബാച്ചിൽ ചേർന്ന് കോഴ്സ് വർക്ക് പൂർത്തീകരിക്കുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**<u>Item No.19</u>**

FYUGP പ്രോഗ്രാം സംസ്കൃതം സാഹിത്യ വിഭാഗത്തിൽ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 01544/ACDB1/SSUS/2024(1))

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃതം സാഹിത്യ വിഭാഗത്തിൽ FYUGP പ്രോഗ്രാം തൽക്കാലം ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**<u>Item No.20</u>**

നാല് വർഷ ബിരുദ പ്രോഗ്രാമിൽ ചേരുന്നതിന് വയസ്സിളവ് നൽകുന്നത് സംബന്ധിച്ച്. (No. 00156/ACDB2/SSUS/2022(1))

മാനസിക പരിമിതി നേരിടുന്ന 2021 അഡ്മിഷൻ ബി.എ. സംസ്കൃതം വേദാന്തം വിദ്യാർത്ഥിയായ മുഹമ്മദ് ജവഹറിന് നിലവിലെ കോഴ്സ് റദ്ദ് ചെയ്ത് 2024-25 ൽ

പുതുതായി ആരംഭിക്കുന്ന FYUGP കോഴ്സിൽ ഒന്നാം വർഷം മുതൽ ചേർന്ന് പഠിക്കുന്നതിന് വയസ്സിളവ് അനുവദിക്കാൻ തീരുമാനിച്ചു.

കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമുകളിൽ ചേരുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായ പരിധിയിൽ ഇളവ് അനുവദിക്കാനും തീരുമാനിച്ചു.

**Item No.21**

Four Year UG പ്രോഗ്രാമിൽ പെയിന്റിംഗ് വകുപ്പ് ഓഫർ ചെയ്യുന്ന ഒന്നാം സെമസ്റ്റർ കോഴ്സും തീയറ്റർ വകുപ്പ് ഓഫർ ചെയ്യുന്ന മൂന്ന് നാല് സെമസ്റ്റർ കോഴ്സുകളുടെയും സിലബസുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 02141/ACDB3/SSUS/2024(1))

പ്രസ്തുത കോഴ്സുകളുടെ സിലബസുകൾ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി എന്നിവ അംഗീകരിച്ച ശേഷം നടപ്പിലാക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No.22**

2022-2023 വർഷത്തെ AQAR അംഗീകരിച്ചത് - സാധൂകരണം - സംബന്ധിച്ച്. (No. 00466/IQAC1/SSUS/2022(1))

2022-2023 വർഷത്തെ Annual Quality Assurance Report (AQAR) അംഗീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

**Item No.1**

Award of Ph.D Degree

a) Smt. Saranya U. in Geography [No. EA/PhD/789/SSUS/2023]
b) Sri. Jyothiraj K.P. in Sanskrit Sahitya [No. EA/PhD/806/SSUS/2023]
c) Smt. Lisa Pavithran in English [No. EA/PhD/741/SSUS/2023]
d) Sri. Noufal. K. in Malayalam [No. EA/PhD/817/SSUS/2023(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, the Standing Committee on Examination held on 03.07.2024 has recommended to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Saranya U. | Faculty of Science, Technology & Education | 29.04.2024 |
| b) | Sri. Jyothiraj K.P. | Faculty of Sanskrit Literature | 25.06.2024 |
| c) | Smt. Lisa Pavithran | Faculty of Foreign Languages | 26.06.2024 |
| d) | Sri. Noufal. K | Faculty of Indian Languages | 14.06.2024 |

a) Smt. Saranya U. in Geography under the Faculty of Science, Technology & Education for the Ph.D thesis titled **“A Study on the Changes in the Physical and Human Behaviour of the Distribution, Degradation and Demography of the Ashtamudi Lake”,** under the guidance of Dr. T.S. Lancelet, Professor, Department of Geography.

b) Sri. Jyothiraj K.P. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Varadipika Commentary of Muhurtapadavi”,** under the guidance of Dr. C.K. Jayanthi, Associate Professor, Department of Sanskrit Sahitya, SSUS, Kalady.

c) Smt. Lisa Pavithran in English under the Faculty of Foreign Languages for the Ph.D thesis titled **“Geo Space and Cultural Context in the Selected Works of Eudora Welty”,** under the guidance of Dr. Bindu R., Associate Professor, Department of English, SSUS, RC Panmana.

d) Sri. Noufal. K in Malayalam under the Faculty of Indian Languages for the Ph.D thesis titled **“സ്ത്രൈണാഖ്യാനങ്ങളുടെ സാക്ഷാത്കാരം മലയാളചലച്ചിത്രങ്ങളിൽ : ദൃശ്യഭാഷയെ മുൻനിർത്തിയുള്ള വിശകലനം”,** under the guidance of Dr. S. Preeya, Professor & HOD, Department of Malayalam, SSUS, Kalady.

## Item No. 2

2024 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2021 അഡ്മിഷൻ വിദ്യാർത്ഥി കളുടെ പരീക്ഷ ഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്. (No. 01796/ EXAMD1/SSUS/2024(1))

03.07.2024 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2024 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2021 അഡ്മിഷൻ വിദ്യാർത്ഥി കളുടെ പരീക്ഷ ഫലം അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 3

2024 വർഷത്തിൽ MFA (2022 അഡ്മിഷൻ/റീ അപ്പിയറൻസ്)/പി.ജി ഡിപ്ലോമ/ ഡിപ്ലോമ (2023 അഡ്മിഷൻ) എന്നീ പരീക്ഷകൾ പൂർത്തിയാക്കിയ വിദ്യാർ ത്ഥികളുടെയും, 1996 അഡ്മിഷൻ ബി.എ. - ബി.എഡ് ഒരു വിദ്യാർത്ഥിയുടെയും, 2022 അഡ്മിഷൻ രണ്ട് ഡിപ്ലോമ വിദ്യാർത്ഥികളുടെയും പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി /പി.ജി ഡിപ്ലോമ ഡിപ്ലോമ അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. (No. E.D/11607/SSUS/2018(1))

03.07.2024 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് പ്രസ്തുത പരീക്ഷ ഫലങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 4

2024 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ MA/MSc/MPES (റെഗുലർ /റീ അഡ്മിഷൻ /റീ അപ്പിയറൻസ്) പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾ ക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്. (No. 2142/Exam B 1/SSUS/2024)

03.07.2024 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2024 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ MA/MSc/MPES (റെഗുലർ / റീ അഡ്മിഷൻ /റീ അപ്പിയറൻസ്) പരീക്ഷ ഫലങ്ങൾ (തിയേറ്റർ ഒഴികെ) പ്രസിദ്ധീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 5**

ഓൺലൈൻ കോഴ്സ് വികസിപ്പിക്കുന്നതിനുള്ള പരമാവധി ചെലവ് സംബന്ധിച്ച്.

[No. 01496/IQAC1/SSUS/ 2024]

ഓൺലൈൻ സെന്റർ മുഖേന നിലവിൽ ഓഫർ ചെയ്യുന്ന കോഴ്സുകളിലെ പഠിതാക്കളുടെ എണ്ണം, ശമ്പളയിനത്തിൽ ഓരോ മാസവും വേണ്ടിവരുന്ന ചെലവുകൾ, ഇപ്പോൾ സേവനം ചെയ്യുന്നവരുടെ ജോലിയുടെ സ്വഭാവം, നൈപുണ്യം എന്നിവ, സാധനസാമഗ്രികൾ വാങ്ങുന്നതിനും മറ്റും ചെലവഴിച്ച തുകകൾ ടി സാമഗ്രികൾ അപ്ഡേറ്റ് ചെയ്യുന്നതിനും മറ്റു പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഭാവിയിൽ ആവശ്യമായി വരുന്ന ചെലവുകൾ തുടങ്ങിയവ വിശദമായി പരിശോധിച്ചു. നിലവിൽ ശമ്പള ഇനത്തിൽ പ്രതിമാസം നൽകി വരുന്ന തുകകളും സമിതിക്ക് മുമ്പാകെ പ്രൊപ്പോസ് ചെയ്ത ചെലവിനങ്ങളും, നിലവിൽ ഫീസിനത്തിൽ ലഭ്യമായ വരുമാനവും കണക്കിലെടുത്താൽത്തന്നെ ഓഫർ ചെയ്യുന്ന രണ്ടു കോഴ്സുകളും സാമ്പത്തികമായി ഫീസിബിൾ അല്ല എന്ന് വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 26.06.2024 തീയതിയിലെ പ്ലാനിംഗ് & ഡെവലപ്പ്മെന്റ് സ്ഥിരം സമിതിയുടെയും 03.07.2024 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

(1)നാലു ക്രെഡിറ്റിന്റെ (40 മൊഡ്യൂൾ) ഓൺലൈൻ കോഴ്സ് വികസിപ്പിക്കുന്നതിനായി ചുവടെ വിവരിക്കും പ്രകാരമുള്ള നിരക്കുകൾ അംഗീകരിക്കുന്നു.

| 4 ക്രെഡിറ്റിന്റെ **(40 Modules)** ഓൺലൈൻ കോഴ്സ് വികസിപ്പിക്കുന്നതിനുള്ള ചെലവ് (ഒരു മൊഡ്യൂളിൽ 30 മിനുട്ട് ദൈർഘ്യമുള്ള വീഡിയോ, 30 മിനുട്ട് ദൈർഘ്യമുള്ള ഇ-ടെക്സ്റ്റ് (2500 words) എന്നിവ ഉൾപ്പെടുന്നു) | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഇനം | No. of Modules | Rate per Module | പരമാവധി അനുവദിക്കാവുന്ന തുക | Remarks |

| | | | | | |
|---|---|---|---|---|---|
| 1 | Content preparation (Preparation of the Teaching Learning Methods, assessment, presentations, online reference material, transcript,etc.) | 40 | 500/- | 20,000/- | 4 ക്രെഡിറ്റ് ഓൺലൈൻ കോഴ്സ് വികസിപ്പി ക്കുന്നതിന് കോഴ്സ് കോർഡിനേറ്റർക്കുള്ള പരമാവധി തുക. ചുരുങ്ങിയത് 20 മണിക്കൂർ ദൈർഘ്യമുള്ള ഇ-ടെക്സ്റ്റ് തയ്യാറാക്കേ ണ്ടതാണ്. കൂടാതെ കോഴ്സ് കോർഡിനേറ്റർ വീഡിയോ എഡിറ്റിംഗ് സമയത്ത് എഡിറ്ററുമായി ചേർന്ന് പ്രവർത്തി ക്കേണ്ടതുമാണ് |
| 2 | On Camera Presentation by Course coordinator | 40 | 250/- | 10,000/- | video review-നായി ഒരു കോഴ്സിന് പരമാവധി 2 നിരൂപകരെ നിയോഗിക്കാം. ഒരാൾക്ക് പരമാവധി അനുവദിക്കാവുന്ന തുക 2000 രൂപ |
| 3 | Script Review | 40 | | 4,000/- | ഒരു ദിവസം ചുരുങ്ങിയത് 3 മൊഡ്യൂളുകളുൾ പൂർത്തിയാക്കേണ്ടതാണ് |
| 4 | Video Review | 40 | | 4,000/- | ഒരു ദിവസം ചുരുങ്ങിയത് 3 മൊഡ്യൂളുകളുൾ പൂർത്തിയാക്കേണ്ടതാണ് |
| 5 | ക്യാമറ മാൻ | 40 | 400/- | 16,000/- | ഒരു ദിവസം ചുരുങ്ങിയത് 3 മൊഡ്യൂളുകളുൾ പൂർത്തിയാക്കേണ്ടതാണ് |
| 6 | എഡിറ്റർ | 40 | 750/- | 30,000/- | ഒരു ദിവസം ചുരുങ്ങിയത് 3 മൊഡ്യൂളുകൾ പൂർത്തിയാക്കേണ്ടതാണ് |
| 7 | കാലടി ക്യാമ്പസ്സിന് പുറത്തുള്ള കോഴ്സ് | 40 | | 7,500/- | 4 ക്രെഡിറ്റ് ഓൺലൈൻ കോഴ്സിന് അനുവദി |

| | | | | | |
|---|---|---|---|---|---|
| | കോർഡിനേറ്റർമാർക്കുള്ള TA/DA | | | | ക്കാവുന്ന പരമാവധി തുക. പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നും TA/ DA ഇനത്തിൽ തുക ക്ലെയിം ചെയ്യാൻ പാടില്ല. |
| 8 | പലവക | 40 | | 3,500/- | |
| ആകെ | | | | **95,000/- (തൊണ്ണൂറ്റി അയ്യായിരം രൂപ )** | 4 ക്രെഡിറ്റ് ഓൺലൈൻ കോഴ്സ് വികസിപ്പിക്കുന്നതിനുള്ള പരമാവധി തുക |

Note :

a) 4 ക്രെഡിറ്റിൽ കൂടുതൽ/കുറവ് ഉള്ള കോഴ്സുകൾക്ക് പരമാവധി അനുവദിക്കാവുന്ന തുക മേൽ നിരക്കുകൾക്ക് ആനുപാതികമായിരിക്കും.

b) ക്യാമറമാൻ, എഡിറ്റർ എന്നിവർക്ക് ജോലി ഔട്ട്സോഴ്സ് ചെയ്യു മ്പോഴുള്ള നിരക്കുകളാണ് മേൽപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഔട്ട്സോഴ്സ് ചെയ്യുന്നതിനായി നടപടിക്രമങ്ങൾ പാലിച്ച് സർവകലാശാല തലത്തിൽ പാനൽ തയ്യാറാക്കി മേൽപ്പറഞ്ഞ നിരക്കിൽ ജോലി നിർവഹിപ്പിക്കാവുന്നതാണ്.

(2) നിലവിൽ ഓഫർ ചെയ്യുന്ന കോഴ്സുകളുടെ റെക്കോർഡിങ്, എഡിറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രോജക്ട് ഫെലോസ് ആയി പ്രതിമാസം 50,000 രൂപ വേതനത്തിൽ സേവനം ചെയ്യുന്ന രണ്ടുപേരെ വിടുതൽ ചെയ്ത് പകരം പ്രൊഡക്ഷൻ അസിസ്റ്റൻറ് തസ്തികയിൽ 25,000 - 30,000 രൂപ പ്രതിമാസ വേതനത്തിൽ ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുക.

(3) ക്യാമറമാന്റെ ചുമതല വഹിച്ചിരുന്ന ജീവനക്കാരൻ വിടുതൽ ചെയ്ത ഒഴിവിൽ പകരം ക്യാമറമാൻ കം എഡിറ്റർ എന്ന തസ്തികയിൽ 25,000-30,000 രൂപ ശമ്പളത്തിൽ ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുക, റെക്കോർഡിങ് ഇല്ലാത്ത സമയങ്ങളിൽ ഇയാൾ എഡിറ്റിംഗ്

നിർവഹിക്കേണ്ടതും ഇക്കാര്യം SCOL ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്. ടിയാളുടെ ജോലി ഭാരത്തിനപ്പുറമുള്ള വീഡിയോ എഡിറ്റിംഗ് ജോലികൾ മേൽ ഉപഖണ്ഡിക (1) ൽ നിശ്ചയിച്ച പ്രകാരമുള്ള നിരക്കിൽ ഔട്ട് സോഴ്സ് ചെയ്യിക്കുക.

(4)ഓൺലൈൻ കോഴ്സുകൾ ഓഫർ ചെയ്യുന്നതിനായി നിലവിലുള്ള 5 കോഴ്സുകൾക്ക് ശേഷം പുതിയവ ആരംഭിക്കുമ്പോൾ കൂടുതൽ പഠിതാക്കളെ ആകർഷിക്കാൻ പറ്റുന്നവ തെരഞ്ഞെടുക്കേണ്ടതും ചുരുങ്ങിയത് 100 പഠിതാക്കളെങ്കിലും ലഭിക്കുന്ന തരത്തിലുള്ള ഓൺലൈൻ കോഴ്സുകൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.

(5)പുതുതായി ആരംഭിക്കുന്ന ഓൺലൈൻ കോഴ്സുകളിലേക്കുള്ള പഠിതാക്കൾക്കായുള്ള എൻറോൾമെൻറ് കോഴ്സ് ആരംഭിക്കുന്നതിന് ഒരു മാസം മുൻപ് തുടങ്ങേണ്ടതും കോഴ്സ് ആരംഭിച്ചതിന് ശേഷം പരമാവധി ഒരു മാസം വരെ തുടരേണ്ടതുമാണ് (ആകെ രണ്ട് മാസം). ഇക്കാലയളവിൽ print & visual media, നവ മാധ്യമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി കോഴ്സിന് പരമാവധി പ്രചാരണം നൽകേണ്ടതും കൂടുതൽ പേരിലേക്ക് കോഴ്സ് സംബന്ധിച്ച വിവരങ്ങൾ എത്തിക്കേണ്ടതുമാണ്.

കൂടാതെ SCOL പ്രത്യേക സംവിധാനം ആക്കാനും സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് എന്നിവരെ നിയമിക്കാനും, ഫിനാൻസ്, അക്കാദമിക് & റിസർച്ച് എന്നീ സ്ഥിരം സമിതി കൺവീനർമാരെയും സിൻഡിക്കേറ്റംഗമായ ഡോ. ടോമി ജോസഫിനെയും SCOL ഡയറക്ടറേറ്റിൽ ഉൾപ്പെടുത്താനും തീരുമാനിച്ചു. UGC അംഗീകരിച്ച Open Distance Learning കോഴ്സ് ആരംഭിച്ച് വിപുലീകരിക്കാനും തീരുമാനിച്ചു.

**Item No. 6**

ഗവേഷണം ദീർഘിപ്പിക്കുമ്പോൾ ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. (No. Acd.A1/6023/SSUS/2010)

26.06.2024 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് ഗവേഷണം ദീർഘിപ്പിക്കുമ്പോൾ ചുവടെ സൂചിപ്പിച്ച പ്രകാരം ഫീസ് ഈടാക്കാൻ തീരുമാനിച്ചു.

| | | |
|---|---|---|
| Extension | - | 5000/- |
| De-Registration | - | NIL |
| Re-Registration | - | 1000/- |

**Item No. 7**

പണ്ഡിത രാജൻ കലക്കത്തു ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. (No. 01238/ACDC1/SSUS/2024(1))

26.06.2024 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് പണ്ഡിത രാജൻ കലക്കത്തു ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റ് തുക 8,20,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**Item No. 8**

സംസ്കൃതം ന്യായ ഗവേഷണ പഠനവകുപ്പിലെ അധ്യാപകനായ ഡോ. ജി രാമമൂർത്തിയുടെ റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട് Completion documents ഹാജരാക്കുന്നത് - സംബന്ധിച്ച്. (No. Acd.A2/3967/SSUS/2013)

03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സംസ്കൃതം ന്യായ ഗവേഷണ പഠനവകുപ്പിലെ അധ്യാപകനായ ഡോ. ജി രാമമൂർത്തിയുടെ റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട Completion documents യു.ജി.സി. യ്ക്ക് അടിയന്തിരമായി കൈമാറേണ്ടതിനാൽ

അത് എത്രയും പെട്ടെന്ന് സമർപ്പിക്കാൻ ഡോ. ജി. രാമമൂർത്തിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**Item No. 9**

കായിക വിഭാഗത്തിലെ വിവിധ ടീമുകളുടെ യാത്രാ ബത്ത, അമ്പയർമാരുടെ പ്രതിഫലം എന്നിവ പരിഷ്കരിക്കുന്നത് സംബന്ധിച്ച്. (No. SSC2/5545/SSUS/2020-21)

കായിക വിഭാഗത്തിലെ വിവിധ ടീമുകളുടെ യാത്രാ ബത്ത, അമ്പയർമാരുടെ പ്രതിഫലം എന്നിവ പരിഷ്കരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ 06-06-2024 ൽ കൂടിയ യോഗത്തിന്റെ അനുബന്ധമായി ചേർത്ത ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 10**

സർവകലാശാല ഓഡിറ്റോറിയ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് പിഴയില്ലാതെ ദീർഘിപ്പിക്കണമെന്ന നിർമ്മിതി കേന്ദ്രയുടെ അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. (No. Eng/851/SSUS/2015)

23.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ സിൻഡിക്കേറ്റ് വിശദമായി പരിശോധിച്ചു. ഓഡിറ്റോറിയ നിർമ്മാണ പൂർത്തീകരണ കാലയളവ് പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകണമെന്ന ആവശ്യം സർവകലാശാലയ്ക്ക് തീരുമാനിക്കാൻ കഴിയാത്തതിനാലും ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തിയ്ക്കായി മൂന്ന് കോടിയിലേറെ രൂപ ചെലവഴിക്കുകയും 6 വർഷമായിട്ടും ഇതേവരെ പൂർത്തീകരിക്കാത്തതിനാലും ടി വിഷയത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയുള്ള ബഹു. കേരള റവന്യൂ വകുപ്പ് മന്ത്രിയുമായി സർവകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ്

ഓഫീസർ, വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതി കൺവീനർ ഡോ. ശിവദാസൻ പി, അംഗങ്ങളായ പ്രൊഫ. ഡി. സലീംകുമാർ, പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ., എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഈ വിഷയം ചർച്ച ചെയ്യുന്നതിനുള്ള അനുമതിക്കായി അടിയന്തിരമായി കത്ത് നൽകുവാനും കത്തിന്റെ പകർപ്പ് വർക്ക്സ് & പർച്ചേഴ്സ് സ്ഥിരം സമിതി കൺവീനർ ഡോ. ശിവദാസൻ പി. യ്ക്ക് നൽകുവാനും മന്ത്രിയുമായി ചർച്ച നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുവാൻ ബഹു. വൈസ്-ചാൻസിലറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 11

സർവകലാശാലയിൽ വോളിബോൾ സ്റ്റേഡിയം നിർമിക്കുന്നത് - സംബന്ധിച്ച് (No. 03804/ENGG3/SSUS/2023)

23.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് നിലവിൽ ഉപയോഗിക്കുന്ന ഒരു വോളിബോൾ കോർട്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികളുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശിക്കാൻ തീരുമാനിച്ചു.

## Item No. 12

സർവകലാശാല ലൈബ്രറിയിലെ ജേർണൽ ആൻഡ് പീരിയോഡിക്കൽ വിഭാഗം പ്രവൃത്തിക്കുന്ന മൂന്നാം നിലയിലെ ജനലുകൾക്ക് കമ്പിവലകൾ സ്ഥാപിക്കുന്ന പ്രവർത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 00082/ENGG3/SSUS/2024(1))

02.05.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സർവകലാശാല ലൈബ്രറിയിലെ ജേർണൽ ആൻഡ് പീരിയോഡിക്കൽ വിഭാഗം പ്രവൃത്തിക്കുന്ന മൂന്നാം നിലയിലെ ജനലുകൾക്ക് കമ്പിവലകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള ജി.എസ്.ടി ഉൾപ്പടെ 2,82,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും ഭരണാനുമതി നൽകാനും സാങ്കതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

## Item No. 13

പഴയ BFA കെട്ടിടം പൊളിക്കുമ്പോൾ മലയാറ്റൂർ ഗേറ്റിലേക്കും രൂപകല്പന ബിസിനസ്സ് ഇൻക്യുബേറ്ററിലേക്കും നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച്. (No. 02850/ENGG1/SSUS/2023)

03.07.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സ്ഥിരമായ ഒരു Technical Committee രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റി പരിശോധിച്ച ശേഷം ടി വിഷയത്തിൽ തീരുമാനമെടുക്കാനും തീരുമാനിച്ചു.

താഴെ പറയുന്നവരെ External Expert ആയി ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

1. IT - Dr Sabu M K, Professor, Department of Computer Application, CUSAT
2. Civil - Dr. Deepa G Nair, Professor, Department of Civil Engineering, CUSAT

**Item No. 14**

നിള ഗവേഷക ഹോസ്റ്റലിലെ പ്രാവ് ശല്യം ഒഴിവാക്കുന്നതിന് HDPE net സ്ഥാപിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകണമോ എന്ന് തീരുമാനിക്കു ന്നതിന് സംബന്ധിച്ച്. (No. 01601/ENGG3/SSUS/2024)

03.07.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച GST ഉൾപ്പെടെയുള്ള 2,06,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാനും സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഏജൻസികളിൽ നിന്നോ വ്യക്തികളിൽ നിന്നോ താത്പര്യപത്രം വിളിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

**Item No. 15**

സർവകലാശാല ഓഡിറ്റോറിയത്തിലേയ്ക്ക് ഓൺലൈൻ കോൺഫറൻസ് സംവിധാനം ഒരുക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽ കുന്നത് സംബന്ധിച്ച്. (No. 02918/ENGG1/SSUS/2023)

03.07.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് പ്രസ്തുത വിഷയം Technical Committee യുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 16

പ്രിയംവദ ഹോസ്റ്റൽ റീ പെയിന്റിംഗ് പ്രവർത്തിക്കും പ്രിയംവദ, അനസൂയ ഹോസ്റ്റലുകളിലെ വിവിധ അറ്റകുറ്റപണികൾക്കും ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (00210/ENGG1/SSUS/2024)

03.07.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് പ്രിയംവദ, അനസൂയ ഹോസ്റ്റലുകളിലെ വിവിധ അറ്റകുറ്റപണികൾ നടത്താൻ തീരുമാനിച്ചു. പ്രിയംവദ ഹോസ്റ്റലിലെ റീ പെയിന്റിംഗ് പ്രവൃത്തി ഫണ്ട് ലഭ്യത അനുസരിച്ച് പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു.

## Item No. 17

സർവകലാശാല താളിയോല ഗ്രന്ഥശാലയിലെ താളിയോലകൾ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിന് വേണ്ടി ആധുനിക Mirrorless Camera യും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച്. (No. Est1/8107/SSUS/2020)

ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 18

സർവകലാശാല സൗപർണ്ണിക, പ്രിയംവദ ഹോസ്റ്റലിലേയ്ക്കും പുതിയ വനിത ഹോസ്റ്റലിലേക്കും അക്കാദമിക് ബ്ലോക്ക് I ലേക്കും Commercial Water Purifier cum Dispenser 2,46,000/- രൂപ എസ്റ്റിമേറ്റ് അംഗീകരിച്ച് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നത് സംബന്ധിച്ച്. (No. 03002/EST1/SSUS/2023(1))

03.07.2024 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെയും 03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സൗപർണ്ണിക, പ്രിയംവദ ഹോസ്റ്റലിലേയ്ക്കും പുതിയ വനിത ഹോസ്റ്റലിലേക്കും അക്കാദമിക് ബ്ലോക്ക് I ലേക്കും 4 Commercial type Water Purifier cum Dispenser വാങ്ങുന്നതിന് 2,46,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനും തീരുമാനിച്ചു.

**Item No. 19**

2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ സംബന്ധിച്ച്. (No. 7841/Fin & Accts/ AA 2023-24/SSUS/2023)

03.07.2024 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും 06.07.2024 തീയതിയിലെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെയും ശിപാർശ പരിഗണിച്ച് 2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No.20**

അഡ്ജൻക്ട് ഫാക്കൽറ്റി നിയമനം - പുതുക്കിയ ക്രൈറ്റീരിയ സംബന്ധിച്ച്. (No. 01145/ ADA2/SSUS/2024)

അഡ്ജൻക്ട് ഫാക്കൽറ്റി നിയമനവുമായി ബന്ധപ്പെട്ട ക്രൈറ്റീരിയ രൂപീകരിക്കാൻ ചുമതലപ്പെടുത്തിയ സിൻഡിക്കേറ്റ് ഉപസമിതിയുടെ 19.06.2024 ൽ കൂടിയ യോഗത്തിന്റെ താഴെ പറയുന്ന തീരുമാനങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. അഡ്ജൻക്ട് ഫാക്കൽറ്റി നിയമനം 5 ഡിപ്പാർട്ട്മെന്റുകളിലായി നിജപ്പെടുത്തണം. പിന്നീട് റൊട്ടേഷൻ വ്യവസ്ഥയിൽ മറ്റു ഡിപ്പാർട്ട്മെന്റുകളിൽ നൽകാവുന്നതാണ്.

2. അഡ്ജൻക്റ്റ് ഫാക്കൽറ്റി നിയമനം ഒരു വർഷത്തേക്കും ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ രണ്ടാം വർഷവും, അനിവാര്യമാണ് എങ്കിൽ മാത്രം മൂന്നാം വർഷവും കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. അഡ്ജൻക്റ്റ് ഫാക്കൽറ്റിയുടെ കാലാവധി ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നീട്ടി നൽകാവുന്നതാണ്.
3. അഡ്ജൻക്റ്റ് ഫാക്കൽറ്റിയുടെ പ്രതിഫലം സംബന്ധിച്ചുള്ള യുജിസി നിർദ്ദേശം (മണിക്കൂറിനു ആയിരം രൂപ നിരക്കിൽ ഒരു ദിവസം പരമാവധി 4000/- രൂപ) പാലിക്കുന്നുണ്ടെന്ന് വകുപ്പ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്.
4. അഡ്ജൻക്റ്റ് ഫാക്കൽറ്റിയുടെ സേവനം തൊഴിലധിഷ്ഠിത കോഴ്സ് ഡിസൈൻ ചെയ്യുന്നതിനും, ഗവേഷണത്തിന് മാർഗ്ഗനിർദേശം നൽകുന്നതിനും പരമാവധി ഉപയോഗിക്കേണ്ടതാണ്.

## Item No.21

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ജീവനക്കാരുടെ പുന:നിയമനത്തിനുള്ള അപേക്ഷ സംബന്ധിച്ച്. (No. 01644/ADB3/SSUS/ 2024(1))

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ജീവനക്കാർക്ക് FYUGP ആരംഭിച്ച സാഹചര്യത്തിൽ നിയമനം നീട്ടി നൽകാൻ തീരുമാനിച്ചു.

## Item No.22

എം.പി.ഇ.എസ് വിഭാഗം വിദ്യാർത്ഥിയായ ബിബിൻ തോമസിന് ചികിത്സാ സഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് (No. 00861/SSC2/ SSUS/2024(1))

12.06.2024 ൽ കൂടിയ RJSWF ഭരണസമിതി യോഗത്തിന്റെ ശിപാർശ പ്രകാരം എം.പി.ഇ.എസ് വിഭാഗം വിദ്യാർത്ഥിയായ ബിബിൻ തോമസിന് ചികിത്സാ സഹായമായി 38,780/- രൂപ രജത ജൂബിലി വിദ്യാർത്ഥി ക്ഷേമ നിധിയിൽ നിന്നും അനുവദിക്കാൻ തീരുമാനിച്ചു.

**Item No.23**

കാലടി മുഖ്യകേന്ദ്രം (2023 അഡ്മിഷൻ) MSW വിദ്യാർത്ഥി അരവിന്ദ് ജി - ക്ക മൂന്നാം സെമെസ്റ്ററിൽ തുടർ പഠനം അനുവദിച്ചത് സംബന്ധിച്ചു. (No.02183/ACDB2/SSUS/2024(1)

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No.24**

ഹോസ്റ്റൽ സൗകര്യത്തിന്റെ അപാകതകൾ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ചു (No. 00284/ ACDB1/SSUS/2024(2)

ഹോസ്റ്റൽ സംബന്ധിച്ച വിഷയവും എസ്.എഫ്.ഐ സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. ഡി സലീംകുമാർ (കൺവീനർ), ഡോ. ടോമി ജോസഫ്, ഡോ. സി.എം. മനോജ് കുമാർ എന്നിവരടങ്ങുന്ന ഒരു ഉപസമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

**Item No.25**

FYUGP Master timetable – അംഗീകരിക്കാനായി സമർപ്പിക്കുന്നത് - സംബന്ധിച്ചു (No. 00284/ACDB1/SSUS/2024(1)

02.07.2024 ൽ കൂടിയ FYUGP കമ്മിറ്റി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ FYUGP Master timetable അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No.26**

മൂന്നാം വർഷ ബി.എഫ്.എ വിദ്യാർഥിയായ ജിതിൻ കൃഷ്ണ സമർപ്പിച്ച പരാതി സംബന്ധിച്ച് (No. DSS/7013/SSUS/2023)

പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി IC-യുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം തുടർനടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

**Item No.27**

2023–2024 അധ്യയന വർഷത്തെ അവസാന സെമസ്റ്റർ വിദ്യാർത്ഥികളുടെ കോഴ്സ് കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ ടി വിദ്യാർത്ഥികളെക്കൂടി കലോത്സവത്തിൽ പങ്കെടുപ്പിക്കുന്നതിന് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന് സാധൂകരണം തേടുന്നത് സംബന്ധിച്ച്. (No. 01707/SSC2/SSUS/2024(1))

2023–2024 അധ്യയന വർഷത്തെ അവസാന സെമസ്റ്റർ വിദ്യാർത്ഥികളുടെ കോഴ്സ് കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ ടി വിദ്യാർത്ഥികളെക്കൂടി കലോത്സവത്തിൽ പങ്കെടുപ്പിക്കുന്നതിന് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി അനുമതി നൽകി ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No.28**

കലോത്സവുമായി ബന്ധപ്പെട്ട ബൈലോ ഭേദഗതികൾ 30.05.2024 ൽ കൂടിയ ബൈലോ ഭേദഗതിയുമായി ബന്ധപ്പെട്ട വിദ്യാർഥി ക്ഷേമ സ്ഥിരം സമിതിയുടെ യോഗനടപടിച്ചുരുക്കം - സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി സർവകലാശാലയിൽ പ്രാബല്യത്തിൽ വരുത്തിയ ഉത്തരവ് -സാധൂകരണം സംബന്ധിച്ചു (No. 01341/SSC2/SSUS/2024(1))

12.04.2024 ൽ കൂടിയ കലോത്സവ ബൈലോ ഭേദഗതി കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിക്കുവാനും ജൂൺ മാസത്തിൽ നടന്ന കലോത്സവത്തിൽ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താനുമുള്ള 30.05.2024 ൽ കൂടിയ വിദ്യാർഥി ക്ഷേമ സ്ഥിരം സമിതിയുടെ ശിപാർശ സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No.29

ഫീഡ്ബാക്ക് ഫോമുകൾ, ഫീഡ്ബാക്ക് വിശകലന രീതി എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 01676/IQAC1/SSUS/2023(1)

10.06.2024 തീയതിയിൽ ചേർന്ന ഐക്യൂഎസി യോഗത്തിന്റെ ശിപാർശ പ്രകാരം ഫീഡ്ബാക്ക് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച താഴെ പറയുന്ന 8 ഫീഡ്ബാക്ക് ഫോമുകൾ അംഗീകരിക്കാനും ഫീഡ്ബാക്ക് വിശകലനം ചെയ്യുന്നതിന് ഐക്യൂഎസി ഡയറക്ടർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ അംഗീകരിക്കാനും തീരുമാനിച്ചു.

1. പൂർവ്വ വിദ്യാർത്ഥികളിൽ നിന്നുള്ള അഭിപ്രായം.
2. അദ്ധ്യാപകരെ കുറിച്ചുള്ള വിദ്യാർത്ഥികളുടെ അഭിപ്രായം.
3. കോഴ്സിനെ കുറിച്ചുള്ള വിദ്യാർത്ഥികളുടെ പ്രതികരണം.
4. പ്രോഗ്രാമിനെ കുറിച്ച് വിദ്യാർത്ഥികളുടെ പ്രതികരണം.
5. സർവകലാശാലയെ സംബന്ധിച്ച് രക്ഷിതാക്കളുടെ അവലോകനം.
6. പ്രോഗ്രാമിനെ കുറിച്ച് അദ്ധ്യാപകരുടെ അഭിപ്രായം.
7. സ്ഥാപനാധികാരിയുടെ / തൊഴിൽ ദാതാവിന്റെ അഭിപ്രായ ശേഖരണം.
8. വിദ്യാർത്ഥികളിൽ നിന്നുള്ള പ്രതികരണം - പൊതുവായ അഭിപ്രായം.

**Item No.30**

Post Graduate Diploma in Epigraphy and Palaeography എന്ന പ്രോഗ്രാം തുടങ്ങുന്നതിനു ചരിത്ര വിഭാഗം മേധാവി സമർപ്പിച്ച പ്രൊപ്പോസൽ (No. 02284/ACDB1/SSUS/2024(1)

KCHR-ന്റെ സഹകരണത്തോടെ Post Graduate Diploma in Epigraphy and Palaeography എന്ന പ്രോഗ്രാം പിജി ഡിപ്ലോമ റെഗുലേഷൻ അനുസരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഫീസ്, സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച് റെഗുലേഷൻ പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ചു.

**Item No.31**

വേദാന്ത ഗവേഷണ പഠന വകുപ്പിലെ ഇന്റർഗ്രേറ്റഡ് എം.ഫിൽ.-പി.എച്ച്.ഡി. 01.12.2012 രജിസ്ട്രേഷൻ ഫുൾ-ടൈം ഗവേഷകയായ നീതു കെ.കെ യ്ക്ക് അദാലത്തു തീരുമാന പ്രകാരം പ്രബന്ധ സമർപ്പണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ഫീസ് ഒടുക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 00171/ACDA3/SSUS/2024(1))

വേദാന്ത ഗവേഷണ പഠന വകുപ്പിലെ ഇന്റർഗ്രേറ്റഡ് എം.ഫിൽ.-പി.എച്ച്.ഡി. 01.12.2012 രജിസ്ട്രേഷൻ ഫുൾ-ടൈം ഗവേഷകയായ നീതു കെ.കെ-യ്ക്ക് ഫീസ് ഇളവ് നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**Item No.32**

യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് വർധിപ്പിക്കുന്നത് - സംബന്ധിച്ച (No. 03433/ACDA2/ SSUS/2023(1))

അഡീഷണൽ അജൻഡ ഇനം നം. 24 ൽ വിശദമാക്കിയ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No.33**

ഗവേഷക വിദ്യാർഥികൾ ഫെല്ലോഷിപ്പ് തിരിച്ചടക്കുന്നതു - സംബന്ധിച്ച (No. 01640/ACDA1/ SSUS/2023(1))

അഡീഷണൽ അജൻഡ ഇനം നം. 24 ൽ വിശദമാക്കിയ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No.34**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ റീ നോട്ടിഫിക്കേഷൻ സംബന്ധിച്ച്. (01746/ACDC2/SSUS/2024(1)

PG, FYUGP പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ റീനോട്ടിഫിക്കേഷൻ നടത്താൻ തീരുമാനിച്ചു. 5 ദിവസത്തെ സമയം നൽകി സ്പോട്ട് അഡ്മിഷൻ നടത്താനും ഇതുമായി ബന്ധപ്പെട്ട് പ്രദേശിക കേന്ദ്രങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാൻ അതത് ക്യാമ്പസ് ഡയറക്ടർമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. ഓരോ കോഴ്സിലേയും വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച മുൻ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കേണ്ടതാണ്. അതിനുശേഷം നിലവിലുള്ള സാഹചര്യം വിലയിരുത്താൻ FYUGP കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## OUT OF AGENDA

**Item No. 1**

Appointment of Finance Officer – reg.

The Syndicate resolved to approve the Minutes of the Selection Committee, duly constituted for the appointment of Finance Officer, held on 28.06.2024 and to appoint Smt. Silvi Kodakkat, as Finance Officer of the University.

## Item No. 2

31.05.2024 ന് സർവീസിൽ നിന്നും വിരമിച്ച ഡോ. ടോണി കെ റാഫേൽ -നെ 01.03.2011 മുതൽ സ്ഥിരപ്പെടുത്തുവാനുള്ള സർക്കാർ നിർദ്ദേശം പുനരാലോചിക്കുന്നതിന് സർക്കാരിലേക്ക് കത്ത് അയച്ചത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 01834/ADA1/SSUS/2024)

റിപ്പോർട്ട് അംഗീകരിച്ചു.

## Item No. 3

അടുത്ത വർഷം മുതൽ പിജി എൻട്രൻസ് പരീക്ഷ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 4

Community Radio ആരംഭിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. ശിവദാസൻ പി.യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 5

ബി എഡ് കോഴ്സ് തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത സിൻഡിക്കേറ്റിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

## Item No. 6

2024 ജൂൺ മാസത്തെ ശമ്പളം വൈകിയതുമായി ബന്ധപ്പെട്ട് എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച്.

ശമ്പളം വൈകിയതുമായി ബന്ധപ്പെട്ട് എംപ്ലോയീസ് യൂണിയൻ ഉന്നയിച്ച വിഷയം ഗൗരവകരമാണെന്ന് വിലയിരുത്തി ഇത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താനും ശമ്പളം വൈകുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിലേക്ക് കത്തയക്കാനും തീരുമാനിച്ചു. കൂടാതെ സ്പാർക് നടപടിക്രമങ്ങൾ ഉടൻ പൂർത്തീകരിക്കാനും തീരുമാനിച്ചു.

**Item No. 7**

ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച് അദാലത്ത് നടത്തുവാൻ ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 8**

അഡ്മിഷൻ വിപുലീകരിക്കുന്നതിന് സോഷ്യൽ മീഡിയ വഴിയും മറ്റു മാധ്യമങ്ങളിലൂടെയും കൂടുതൽ പബ്ലിസിറ്റി നൽകാൻ പി.ആർ.ഒ. യെ ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, വീഡിയോകൾ എന്നിവ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകണമെന്നും നിർദ്ദേശിച്ചു.

**Item No. 9**

വിരമിച്ച അദ്ധ്യാപകർക്കും, ജീവനക്കാർക്കും സൗജന്യമായി ഐഡി കാർഡ് നൽകാൻ തീരുമാനിച്ചു.

**Item No. 10**

ഇൻകുബേഷൻ സെന്റർ നവീകരിക്കുവാനും ഉത്പന്നങ്ങൾ വിൽപ്പന നടത്തുവാനും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി അടിയന്തിര യോഗം ചേരുവാൻ തീരുമാനിച്ചു.

യോഗം 3.30 pm ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ** | **വൈസ് ചാൻസലർ** |